#IIMKinMedia

Date: August 01, 2026

Newspaper: Janmabhumi




നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. ജി.ബി. റെഡ്ഡി, ഐഐഎം കോഴിക്കോട് അസോസിയേറ്റ് പ്രൊഫ. ശ്രീജിത്ത് എ, രജിസ്ട്രാർ ഡോ. ലിന അക്ക മാത്യു, നുവാൽസ് സെന്റർ ഫോർ പോളിസി സ്റ്റഡീസ് ലീഗൽ റിസർച്ച് ആൻഡ് ട്രെയ്നിങ് ഡയറക്ടർ പ്രൊഫ. അനിൽ ആർ. നായർ എന്നിവർ ധാരണാപത്രം ഒപ്പുവയ്ക്കൽ ചടങ്ങിൽ

# നുവാൽസും ഐഐഎമ്മും ധാരണാപത്രം ഒപ്പിട്ടു

**കളമശേരി:** നുവാൽസും കോഴിക്കോട് ഐഐഎമ്മിന്റെ സെന്റർ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻ ആൻഡ് ട്രാൻസ്ഫർമേഷനും തമ്മിൽ സ്ഥാപനപരമായ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.

കോഴിക്കോട് ഐഐഎമ്മിന് വേണ്ടി അസോസിയേറ്റ് പ്രൊഫ. ഡോ. ശ്രീജിത്ത് എ.യും, നുവാൽസിന് വേണ്ടി രജിസ്ട്രാർ ഡോ. ലിന അക്ക മാത്യുവുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. കോഴിക്കോട് ഐഐഎമ്മിന്റെ സി-ഡിൽറ്റും, നുവാൽസ് സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ലോ റിഫോംസും ചേർന്നായിരിക്കും ഈ സഹകരണം മുന്നോട്ട് കൊണ്ടുപോകുക.

കരാർ പ്രകാരം ഇരു കേന്ദ്രങ്ങളും അക്കാദമിക കൈമാറ്റം, സംയുക്ത ഗവേഷണം, പരിശീലനം, ശേഷിവർധന പരിപാടികൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രസിദ്ധീകരണങ്ങൾ എന്നിവയുൾപ്പെടെ പൊതു താത്പര്യമുള്ള മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കും.

നുവാൽസിൽ നടന്ന ചടങ്ങിൽ നുവാൽസ് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ജി.ബി. റെഡ്ഡി, നുവാൽസ് ലീഗൽ റിസർച്ച് ആൻഡ് ട്രെയ്നിങ് ഡയറക്ടർ പ്രൊഫ. അനിൽ ആർ. നായർ എന്നിവരും പങ്കെടുത്തു.